# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്
e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.10/1267/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495-2371012
തീയതി – 10.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.10/1267/2017 തീയതി – 10.08.2017

# കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.2016 മുതൽ 31-3-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.രാജൻ.സി, ഡപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ, വിനിയോഗിച്ച സമയം | |
| 04.07.2017 മുതൽ 11.07.2017 വരെ | |
| ശ്രീ.ഉണ്ണി.പി.കെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.കരുണാകരൻ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ദിശ.ആർ.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 27.07.2017 മുതൽ 29.07.2017 വരെ | |
| ശ്രീ.ഉണ്ണി.പി.കെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.ഷിപിൻ പീറ്റർ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജാസിർ. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.പി.രവീന്ദ്രനാഥ് | 01.04.2016മുതൽ 03.01.2017 വരെ |
| | ശ്രീമതി.രൂപലേഖ കൊമ്പിലാട്ട് | 04.01.2017മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.സുനിൽ കുമാർ.എം.പി. | 01.04.2016 മുതൽ 31.03.2017 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീ.ഷമ്മി മാത്യു | കൃഷി ഓഫീസർ | 01.04.2016മുതൽ 31.03.2017വരെ |
| ശ്രീ.സുബീഷ്.പി.എം | വെറ്റിനറി സർജ്ജൻ | 01.04.2016മുതൽ 31.03.2017വരെ |
| ശ്രീ.വിപിൻ.വി.ബി.<br>ശ്രീ.ദേവി.ടി.ആർ<br>ശ്രീ.വിപിൻ.വി.ബി. | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01.04.2016<br>02.04.2016മുതൽ 04.05.2016 വരെ<br>05.05.2016മുതൽ 31.03.2017 വരെ |
| ശ്രീ.പി.വി.മുഹമ്മദ് കബീർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2016മുതൽ 31.03.2017 വരെ |
| ശ്രീ.ജോസഫ് ഇട്ടേര<br>ശ്രീമതി.സീമ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01.04.2016മുതൽ 08.08.2016 വരെ<br>09.08.2016മുതൽ 31.03.2017 വരെ |
| ശ്രീ.കപിൽ ദേവ്.പി.<br>ശ്രീ.ഗ്രേഷ്യൻ.പി.ടി. | വി.ഇ.ഒ. | 01.04.2016മുതൽ 31.03.2017വരെ |
| ശ്രീമതി.ഹലീമ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.2016മുതൽ 31.03.2017വരെ |
| ശ്രീ.പ്രേമരാജൻ.ഇ. | ഹെഡ്മാസ്റ്റർ | 01.04.2016മുതൽ 31.03.2017വരെ |
| ശ്രീമതി.രഞ്ജു സുരേന്ദ്രൻ | അസിസ്റ്റന്റ് എൻജിനീയർ | 01.04.2016മുതൽ 31.03.2017വരെ |
| ശ്രീമതി.ബിന്ദു.എൻ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01.04.2016മുതൽ 31.03.2017വരെ |
| ശ്രീമതി.കദീജ.കെ.ടി.<br>ശ്രീ.മുഹമ്മദ് ലുക്ക്മാൻ | അസിസ്റ്റന്റ് സെക്രട്ടറി | 01.04.2016മുതൽ 11.01.2017 വരെ<br>12.01.2017മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| | | |

# ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| ഭാഗം-1<br>പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തനത് വരുമാനം. |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം. |
| ഭാഗം-2<br>വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 2-2 | വസ്തു നികുതി പരിഷ്കരണം - അവലോകനം. |
| 2-3 | മൊബൈൽ ടവറുകൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് വരുന്നു. |
| 2-4 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല. |

| | |
|---|---|
| 2-5 | തൊഴിൽ നികുതി ഈടാക്കുന്നതിലെ - അപാകതകൾ. |
| 2-6 | സെക്രട്ടറിയുടെ അനുമതിയില്ലാതെ വിപുലീകരിച്ച കെട്ടിടത്തിൽ ഹോസ്പിറ്റൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകി. |
| 2-7 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്. |
| 2-8 | കെട്ടിട നിർമ്മാണ ലൈസൻസ് അപാകതകൾ. |
| 2-9 | ഡി. & ഒ. ലൈസൻസ് നൽകുന്നതിലെ അപാകതകൾ. |
| 2-10 | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അനുമതിയില്ലാതെ സ്വകാര്യ ആശുപത്രി പ്രവർത്തിച്ചു. |
| ഭാഗം- 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ബജറ്റ് എസ്റ്റിമേറ്റ് - യാഥാസ്ഥികതയോടെ തയ്യാറാക്കുന്നതിൽ ധനകാര്യ വിഭാഗം വീഴ്ച വരുത്തി. |
| 3-2 | പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ച. |
| 3-3 | തെങ്ങിന് വളം വിതരണം. പ്രൊജക്ട് നടത്തിപ്പിൽ അപാകതകൾ. |
| 3-4 | C.P.S കൾക്ക് ഗാർഡൻ ടില്ലർ -പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ. |
| 3-5 | ആട്ടുവിതരണം സബ്സിഡി മാർഗ്ഗരേഖ നിബന്ധനകൾ പാലിച്ചില്ല. |
| 3-6 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് ജനറേറ്റർ വാങ്ങൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ. |
| 3-7 | പത്താം തരത്തിൽ പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ - പദ്ധതി നടത്തിപ്പിൽ അപാകതകൾ. |
| 3-8 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്തവർക്കും സ്കോളർഷിപ്പ് വിതരണം ചെയ്തു. |
| 3-9 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല. |
| 3-10 | ജി.എൽ.പി.സ്കൂൾ കെട്ടിടവാടക വികസനഫണ്ടിൽ നിന്നു അടവാക്കി. |
| 3-11 | ഭവന പുനരുദ്ധാരണം- കാലയളവിനുള്ളിൽ പണി പൂർത്തിയായില്ല. |
| 3-12 | വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല. |

| | |
|---|---|
| 3-13 | പത്രപരസ്യം അനുവദനീയമായ ഡിസ്കൗണ്ട് നേടിയെടുത്തില്ല. |
| 3-14 | ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല. |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 01/25.03.2017 |
| മുന്നിരിപ്പ് | 7,67,39,266 |
| വരവ് | 7,44,03,152 |
| ആകെ അടങ്കൽ വരവ് | 15,11,42,418 |

| | |
|---|---|
| ആകെ അടങ്കൽ ചെലവ് | 14,18,75,891 |
| നീക്കിയിരിപ്പ് | 92,66,527 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 17.07.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടു കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 92,66,527 |
| വരവ് | 6,17,17,932 |
| ആകെ | 7,09,84,459 |
| ചെലവ് | 5,62,33,809 |
| നീക്കിയിരിപ്പ് | 1,47,50,650 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 1,14,56,696 | 1,03,80,272 | 10,76,424 | 90.60 |
| വികസന ഫണ്ട് (എസ്.സി.പി) | 72,35,247 | 68,01,528 | 4,33,719 | 94.00 |
| വികസന ഫണ്ട് (ടി.എസ്.പി) | 7,845 | 7,845 | --- | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 39,82,992 | 30,000 | 39,52,992 | 0.75 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 30,97,638 | 30,97,638 | ---- | 100 |
| 13- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 64,24,151 | 35,66,513 | 28,57,638 | 55.51 |
| പെർഫോമൻസ് ഗ്രാന്റ് | 33,80,714 | 32,54,843 | 1,25,871 | 96.27 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 148 | 76 | --- | 72 | 51.35 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ എണ്ണം | അടങ്കൽ തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 25,18,630 | 24,10,550 | 95.70 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 23,11,750 | 17,33,500 | 74.98 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 3 | 3 | 5,00,000 | 4,71,162 | 94.23 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 1,50,000 | 1,50,000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 1 | 5,50,000 | 5,00,000 | 90.90 |
| വി.ഇ.ഒ. | 12 | 7 | 1,11,14,200 | 63,43,050 | 57.07 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 5 | 42,06,802 | 37,77,713 | 89.80 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 6,00,000 | 6,00,000 | 100 |
| സെക്രട്ടറി | 13 | 7 | 40,36,222 | 25,31,161 | 62.71 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 83 | 29 | 6,34,78,157 | 96,97,404 | 15.27 |
| ഹെഡ്മാസ്റ്റർ | 8 | 6 | 15,60,953 | 11,18,429 | 71.65 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 3 | 45,00,000 | 37,74,780 | 83.88 |
| ആകെ | 148 | 76 | 9,55,26,714 | 3,31,07,749 | 34.65 |

## 1-7 തനത് വരുമാനം.

ഓഡിറ്റ് വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 53,45,687 | 1,08,12,447 | (+)54,66,760 | (+)102.26 |
| നികുതിയേതര വരവുകൾ | 20,21,323 | 20,76,891 | (-)55,568 | (-)2.74 |
| പലിശ | 90,616 | 86,414 | (-)4,202 | (-)4.6 |
| ആകെ | 74,57,626 | 1,29,75,752 | (+)55,26,530 | (+)74.10 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് മുഖേന വിതരണം നടത്തിയ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 418 | 6,97,560 |
| കർഷക തൊഴിലാളി പെൻഷൻ | 2715 | 60,85,580 |
| വിധവ പെൻഷൻ | 4665 | 1,29,35,620 |
| വികലാംഗ പെൻഷൻ | 1108 | 23,50,150 |
| വാർദ്ധക്യകാല പെൻഷൻ | 5785 | 1,61,63,375 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 381 | 10,52,800 |
| വിവാഹ ധനസഹായം | 5 | 1,50,000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.07.2017 ന് രാവിലെ 10.30 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 04.07.2017 ലെ തുക ബാങ്കിൽ അടവാക്കിയതിനാൽ നീക്കിയിരിപ്പില്ല.

## 1-10 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.07.2017 - 17.07.2017 | 6/2017 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.08.2016 | 2011-12 – 2015-16 | എൽ.ബി.എ.(എച്ച്.ക്യ)/1/ എൽ.ബി.എ.xiv/84, 24.06.2016 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ.

2016-17സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വസ്തു നികുതി ഡിമാൻറ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ, ഒക്യുപെൻസി മാറുന്നതിനുള്ള രജിസ്റ്റർ എന്നിവ നിശ്ചിത മാതൃകയിൽ സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

2. സഞ്ചയ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റിൽ നികുതി ഒഴിവാക്കപ്പെട്ട 660 ചതുരശ്ര അടി തറവിസ്തീർമുള്ള വാസഗൃഹങ്ങളുടെ നികുതിയും ഉൾപ്പെട്ടിട്ടുണ്ട്.

3. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയൽ 3287 വാണിജ്യ കെട്ടിടങ്ങളുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ 1011 സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് ഡി.ആന്റ്.ഒ. ലൈസൻസ് ഫീസും, തൊഴിൽ നികുതിയും പിരിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ തൊഴിൽ നികുതിയിനത്തിലും, ലൈസൻസ് ഫീസിനത്തിലും ലഭ്യമായ തുകയുടെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

4. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 26,480/- രൂപ കുടിശ്ശികയിനത്തിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല.

5. അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

6. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 35,517/- രൂപ വരവുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം 34,157/- രൂപ മാത്രമാണ് വരവുള്ളത്. (വ്യത്യാസം 1360/- രൂപ)

9. ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് ഫങ്ഷൻ ഫങ്ഷണറി അടിസ്ഥാനത്തിൽ പുനക്രമീകരിച്ച് അംഗീകാരം വാങ്ങി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. ടെണ്ടർ ഫോറം വിൽപ്പനയിനത്തിൽ ഗ്രാമപഞ്ചായത്തിന് ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കുവാനുള്ള തുകക്ക് സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ വിശദീകരിച്ച കാരണങ്ങളാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക ശരിയായ രീതിയിൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പരിഷ്കരണം - അവലോകനം.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ 01.04.2011 ന് പ്രാബല്യത്തിൽ വരുത്തുന്നതിന് പഞ്ചായത്ത് തീരുമാനമെടുക്കുകയും ആയത് സംബന്ധിച്ച് പ്രാഥമിക അറിയിപ്പ് 28.10.2011 തിയ്യതിയിൽ പഞ്ചായത്ത് നോട്ടീസ് ബോർഡിലും ദിനപത്രത്തിലും പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും ചെയ്തു. തുടർന്ന് മേൽ ചട്ടം 4, 7, 8 അനുസരിച്ച് അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി 20.12.2011 ലെ യോഗത്തിൽ തീരുമാനമെടുത്തു. (നം.97/2011). നികുതി നിർണ്ണയത്തിന് വേണ്ടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളെ പ്രാഥമിക മേഖല, ദ്വിതീയ മേഖല ,തൃതീയ മേഖല എന്ന് തരം തിരിച്ച് വിജ്ഞാപനം ചെയ്യുകയും ചെയ്തിരുന്നു.ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ ചേർക്കും പ്രകാരം പുനർ നിർണ്ണയിക്കുകയും ചെയ്തു.

| ക്രമ നം | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | നികുതി നിരക്ക് ച. മീ |
|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | 4 രൂപ |
| 2 | വാണിജ്യാവശ്യത്തിനുള്ളവ<br>1-100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 40 രൂപ |
| | 2-100ച.മീറ്ററിന് മുകളിൽതറവിസ്തീർണ്ണമുള്ള ഹോട്ടൽ.ഷോപ്പുകൾ | 50 രൂപ |
| | 3-200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 40രൂപ |
| | 4-200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഹോട്ടൽ | 70 രൂപ |

| | | |
|---|---|---|
| | 5-ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷനുകൾ | 40 രൂപ |
| 3 | ആഫീസ് ആവശ്യത്തിനുള്ളവ<br>(വ്യവസായ ശാലകളോടനു ബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 30 രൂപ |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 5 രൂപ |
| 5 | ആശുപത്രികൾ | 5രൂപ |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം,<br>ആഡിറ്റോറിയം, സിനിമാ തിയേറ്റർ, ലോഡ്ജ് | 30 രൂപ |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ [1-കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ഇഷ്ടിക ചൂള, പീലിംഗ് ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്] | 10 രൂപ |
| | 2-ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 50 രൂപ |
| 8 | റിസോർട്ടുകൾ | 80 രൂപ |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 30 രൂപ |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 500 രൂപ |

2013 ഏപ്രിൽ 1 മുതൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ പുതുക്കിയ നിരക്കിൽ വസ്തുനികുതി പ്രാബല്യത്തിൽ വന്നു. 2013-14 സാമ്പത്തിക വർഷത്തിൽ പഴയ നികുതി നിരക്കിൽ വസ്തുനികുതി 100 ശതമാനം പിരിച്ചെടുത്തതിന് ശേഷമാണ് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിലവിൽ വന്നത്. നികുതി ദായകരിൽ നിന്ന് പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയാണ് നികുതി ഈടാക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. എങ്കിലും വളരെ പഴക്കം ചെന്ന ചില കെടിടങ്ങളുടെ വിവരങ്ങൾ അസസ്മെന്റ് രജിസ്റ്ററിൽ ലഭ്യമാകാത്തതിനാൽ അവയുടെ വിവരങ്ങൾ ഓവർസിയർ ഫീൽഡ് വെരിഫിക്കേഷൻ നടത്തി കെട്ടിടത്തിന്റെ അളവ് നിർണ്ണയിച്ചതിന് ശേഷം ഫോറം നം-6 ഡാറ്റാ എൻട്രി നടത്തി പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കുന്നുണ്ട്. എല്ലാ കെട്ടിടങ്ങൾക്കും ഫോറം നം-6 പൂരിപ്പിച്ചതിന് ശേഷം മാത്രമാണ് ഡാറ്റാ എൻട്രി ജോലികൾ പൂർത്തിയാക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. 185 ച.മീറ്ററിന് മുകളിലും അതിന് താഴെയും വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയതായും അല്ലാത്തവയ്ക്ക് മാറ്റം വരുത്തിയിട്ടില്ല എന്നും സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 60 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടഉടമകളിൽ നിന്നും ഒന്നിൽ കൂടുതൽ കെട്ടിടങ്ങളില്ല എന്ന സത്യവാങ്മൂലം ഹാജരാക്കിയതിന് ശേഷം മാത്രമാണ് 2015-16 മുതൽ നികുതി ഒഴിവാക്കി നൽകുന്നത്. വിമുക്ത ഭടൻമാരിൽ നിന്നും ഏപ്രിൽ 10നു മുമ്പ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി ഒഴിവാക്കി നൽകുന്നുണ്ട്. കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് ഇളവുകളും അതിനനുസരിച്ചുള്ള വർദ്ധനവും ഉറപ്പ് വരുത്തിയിട്ടുണ്ട്.സഞ്ചയ നികുതി നിർണ്ണയ സോഫ്റ്റ്വെയറിൽ മേൽ വിവരങ്ങൾ

രേഖപ്പെടുത്തിയെങ്കിൽ മാത്രമാണ് പുതുക്കിയ നിരക്കിൽ നിരക്കിൽ നികുതി നിർണ്ണയിക്കുന്നതിന് സാധ്യമാകുകയുള്ളൂ. സഞ്ചയയിൽ മുഴുവൻ കെട്ടിടങ്ങൾക്കും ഡിജിറ്റൽ സിഗ്നേച്ചർ നൽകിയിട്ടുണ്ട്. സഞ്ചയ ഡാറ്റാ എൻട്രിയിൽ പഴയ എല്ലാ കെട്ടിടങ്ങൾക്കും 25% കുറഞ്ഞ നികുതി വർദ്ധനവും ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലും നികുതി നിലവിൽ വന്നിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 11,740 കെടിടങ്ങളാണ് നിലവിലുള്ളത്. ഇതിൽ 8186 വീടുകളും 3287 ഷോപ്പുകളും 75 വ്യവസായങ്ങൾക്കുള്ള കെടിടങ്ങളും 61 വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളും 10 മൊബൈൽ ടവറുകളും 19 ഓഡിറ്റോറിയങ്ങളും നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 334 കെട്ടിടങ്ങളും ഉൾപ്പെടുന്നു. ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ ഇ-പേയ്മെന്റ് ആക്റ്റിവേറ്റ് ചെയ്തിട്ടുണ്ട്. ഇ-പേയ്മെന്റ് സംവിധാനം ഉപയോഗപ്പെടുത്തി നികുതി അടവാക്കുന്നതിന് പ്രത്യേക യൂസർ നെയിം, പാസ്സ് വേർഡ് എന്നിവ ഉണ്ടാക്കേണ്ടതുള്ളതിനാൽ ഇതിന് ജനങ്ങൾ വിമുഖത കാണിക്കുന്നു.

## 2-3 <u>മൊബൈൽ ടവറുകൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് വരുന്നു.</u>

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം.118 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധി പ്രദേശങ്ങളിൽ യാതൊരാളും, ഏതെങ്കിലും സർക്കാരിതര വാർത്താ വിനിമയ ഗോപുരങ്ങൾ വാർത്താ വിനിമയ ളുണ് നിർമ്മാണങ്ങളോ, അനുബന്ധ മുറികളോ സെക്രട്ടറിയിൽ നിന്നും പ്രത്യേകം അനുവാദം ലഭിക്കാതെ നിർമ്മിക്കുവാനോ അല്ലെങ്കിൽ പുനർനിർമ്മിക്കുവാനോ അല്ലെങ്കിൽ മാറ്റം വരുത്തുവാനോ, അവ ചെയ്യിക്കുവാൻ ഇടയാക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. ഗ്രാമപഞ്ചായത്ത് പരിധികളിലെ ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 2013ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്. സെക്രട്ടറി സമർപ്പിച്ച പത്രിക പ്രകാരം നിലവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 മൊബൈൽ ടവറുകളുണ്ട്.

28.07.2017 ന് ശ്രീ. രോഹിത് വി.വി ഓവർസിയർ, ശ്രീമതി പ്രിയ എം എൻ ഓവർസിയർ, എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ശ്രീ. രാമചന്ദ്രൻ നായർ കണ്ണോറ c/o ശരത് ചന്ദ്ര ബേക്കേഴ്സ്, ബാലുശ്ശേരി എന്നയാളിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥാപിച്ച 7/292 കെട്ടിട നമ്പറിൽ മൊബൈൽ ടവർ (ഭാരതി എയർടെൽ) നിലനിൽക്കുന്നതായി കാണുവാൻ കഴിഞ്ഞു. എന്നാൽ പ്രസ്തുത മൊബൈൽ ടവറിന്റേയും, അനുബന്ധ കെട്ടിടങ്ങളുടെയും വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് നിലനിൽക്കുന്ന മൊബൈൽ ടവറിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും വിസ്തീർണ്ണം താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട തരം | നീളം | വീതി | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | മൊബൈൽ ടവർ | 5.85 | 5.85 | 34.22 |
| 2 | ഡി ജി റൂം | 3.9 | 2.8 | 10.92 |
| 3 | അനുബന്ധ കെട്ടിടങ്ങൾ | 5.5 | 1.5 | 8.25 |
| 4 | | 3.5 | 1.5 | 5.25 |
| ആകെ വിസ്തീർണ്ണം | | | | 58.64 |

അടിസ്ഥാന വസ്തു നികുതി നിർണ്ണയം

ആകെ തറവിസ്തീർണ്ണം = 58.64 ച.മീ

മൊബൈൽ ടെലഫോൺ ടവറിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് = 500/- രൂപ

ഈടാക്കേണ്ട വസ്തു നികുതി, = 58.64X500 = 29320

ലൈബ്രറി സെസ്സ് (5%) = 1466

ആകെ നികുതി = 30,786/-

ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ച നികുതി – 20,790/-

പ്രസ്തുത രീതിയിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരത്തക്ക രീതിയിൽ നികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം നൽകേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച മറ്റ് മൊബൈൽ ടവറുകളുടെ കൂടി വിസ്തീർണ്ണം പ്രാദേശികമായി പരിശോധിച്ച് നിയമാനുസൃത നികുതി നിർണ്ണയം നടത്തേണ്ടതാണ്. നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| വെള്ളക്കരം | 2,81,830 |
| തെരുവ് വിളക്ക് കത്തിക്കൽ | 2,93,513 |
| ആകെ | 5,75,343 |

പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട സേവന ഉപനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കുന്നതിലെ - അപാകതകൾ.

1994കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി

ഈടാക്കുന്നതുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. <u>സി.ബി.എസ്.ഇ.സ്കൂളുകളിൽ നിന്ന് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു.</u>

1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യുക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷൻ വ്യവസ്ഥകൾ പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, ആനുകൂല്യങ്ങളും നൽകണമെന്നാണ് നിർദ്ദേശമുള്ളത് [അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(v)കാണുക]. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്കൂളുകളിലെ മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്കൂളിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റിട്ടേൺ പ്രകാരമുള്ള ശമ്പളം | നൽകേണ്ട ശമ്പള നിരക്ക് |
|---|---|---|---|
| മർക്കസ് പബ്ലിക് സ്കൂൾ | 18 | 6000 - 11000 | 17000- 87000 |
| പഴശ്ശി രാജ യൂണിവേഴ്സൽ പബ്ലിക് സ്കൂൾ | 27 | 4670 - 8460 | 17000-87000 |
| ജയ് റാണി സബ്സ് സ്കൂൾ | 33 | 6680 - 20750 | 17000-87000 |

2. <u>സ്വകാര്യ കോളേജ് അധികാരികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ മിനിമം വേതനം രേഖപ്പെടുത്തുന്നില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേണുകളിൽ സർക്കാർ നിർദേശിച്ച മിനിമം വേതനം രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങളുടെ പേരും മിനിമം വേതനം നിശ്ചയിച്ച മാനദണ്ഡങ്ങളും താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | മിനിമം വേതനം നിശ്ചയിച്ച ഉത്തരവ് നമ്പരും തീയതിയും |
|---|---|---|
| 1 | കെ.ഇ.ടി.കോളേജ് | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങൾ, യു.ജി.സി മാർഗ്ഗരേഖ |
| 2 | ശ്രീ ഗോകുലം ആർട്സ് & സയൻസ് കോളേജ് | |

സി.ബി.എസ്.ഇ.സ്കൂളുകൾ, സ്വകാര്യ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങി, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് അതു പരിഹരിക്കാൻ നടപിയെടുക്കേണ്ടതാണ്.

## 2-6 <u>വിപുലീകരിച്ച കെട്ടിടത്തിൽ ഹോസ്പിറ്റൽ പ്രവർത്തിക്കുന്നതിന് സെക്രട്ടറിയുടെ അനുമതി വിവരം രേഖപ്പെടുത്തിയിട്ടില്ല.</u>

ബാലുശ്ശേരി-താമരശ്ശേരി സംസ്ഥാന പാതയ്ക്ക് സമീപം കോക്കല്ലൂരിൽ നമ്പർ 2/317 കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഹോസ്പിറ്റലിൽ ഫോറം നമ്പർ-6 പ്രകാരം 120 m2ആണ് തറവിസ്തീർണ്ണം. 1 നില ബിൽഡിങ്ങ് ആണിത്. 01.01.2013തീയ്യതിലെ 29/2013 നം തപാൽ പ്രകാരം 832.32 m2 നിർമ്മാണ അനുമതിക്ക് ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി. അപേക്ഷയോടൊപ്പം തന്ന ബിൽഡിങ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ നിലവിലുള്ള തറവിസ്തീർണ്ണം താഴത്തെ നിലയിൽ 401.91 എം2 വും മുകളിലത്തെ നിലയിൽ 428.92 എം2 ആണ്. ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.02.2013 ലെ എ3-29/2013നമ്പർ കത്ത് പ്രകാരം മേഖല നഗരാസൂത്രണ കാര്യാലയത്തിൽ നിന്നും 15.04.2013 തിയ്യതിയിലെ സി.01/312/2013 കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം 832.32 m2 ഫ്ലോർ ഏരിയ കൂട്ടിച്ചേർത്ത് നിർമ്മിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി അംഗീകരിച്ച് ഉത്തരവ് നൽകി. ആയതിന്റെയടിസ്ഥാനത്തിൽ 3-385/13 തിയ്യതി 12.06.2013 പ്രകാരം സെക്രട്ടറി കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു.

21.01.2017 തീയ്യതിലെ എ.4-2197 അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ പെർമിറ്റ് പുതുക്കുന്നതിന് ഉടമ ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി. കെട്ടിട ഉടമ സമർപ്പിച്ച എ3-385/13 പെർമിറ്റ് കാലാവധി 11.06.2016ന് അവസാനിച്ചതാണ്. 21.01.2017 തീയ്യതിലെ അപേക്ഷയിൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 1663.13 m2 ആണെന്ന് ഉടമ സാക്ഷ്യപ്പെടുത്തി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ നിലവിലുള്ള ഭാഗം സെക്രട്ടറിയുടെ അനുമതിയോടെയാണോ നിർമ്മിച്ചത് എന്നത് ഫയലിൽ വ്യക്തമല്ല. അനുമതിയില്ലാതെയാണ് നിർമ്മിച്ചതെങ്കിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും എടുത്തിട്ടുള്ള നടപടികൾ വിശദീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 38-പട്ടിക 4 ബി പ്രകാരം ആശുപത്രി കെട്ടിടത്തിന്റെ പാർക്കിങ് ഏരിയ 75 m2 ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഫീൽഡ് പരിശോധന നടത്തിയപ്പോൾ ഹോസ്പിറ്റലിൽ നിലവിൽ ഇല്ല എന്ന് ബോധ്യമായി. മേൽ വിവരിച്ച അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 2-7 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്.

കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ ഈടാക്കിയതിൽ താഴെ ചേർക്കും പ്രകാരം കുറവ് വന്നിട്ടുണ്ട്.

| പെർമിറ്റ് രജിസ്റ്റർ ക്രമ നം | അപേക്ഷകരന്റെ പേര്, മേൽവിലാസം പെർമിറ്റ് നം, തീയ്യതി | തറ വിസ്തീർണ്ണം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക, രസീതി നം, | കുറവ് |
|---|---|---|---|---|---|
| 85 | ശ്രീ.മജീദ്, ശ്രീമതിസുലേഖ വടക്കെ പാലയുള്ളതിൽ എ4.85/2016-17, 02.07.2016 | 298.81 m2 | 1494 | 1335/- 11601101734, 02.07.2016 | 159 |
| 92 | ശ്രീ.മുഹമ്മദ് അലി, കുന്നോത്ത് എ.4/92/2016-17, 11.07.2016 | 179.2 m2 | 896 | 390/- 11601101832, 11.07.2016 | 506 |
| 139 | ശ്രീമതി.രഞ്ജിനി ചെട്ട്യാം കണ്ടി എ.4/139/2016-17, 15.10.2016 | 139.73 m2 | 350 | 233/- 11601103747 15.10.2016 | 117 |
| ആകെ | | | | | 782 |

പെർമിറ്റ് ഫീയിനത്തിൽ കുറവ് വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-8 കെട്ടിട നിർമ്മാണ ലൈസൻസ് അപാകതകൾ

1) രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നു.

കെട്ടിട നിർമ്മാണ രജിസ്റ്ററിൽ കെട്ടിടത്തെ സംബന്ധിച്ച നിർമ്മാണം പൂർത്തിയാക്കിയ തിയ്യതി, കെട്ടിട നമ്പർ അനുവദിച്ച തീയ്യതി, പെർമിറ്റ് പുതുക്കിയ തിയ്യതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കുന്നില്ല. ഇതു കാരണം നിർമ്മാണം പൂർ ത്തിയാക്കിയതും പെർമിറ്റ് പുതുക്കിയതും ആയ കെട്ടിടങ്ങളുടെ വിവരം ലഭ്യമല്ല. രജിസ്റ്ററിലെ ഈ അപാകതകൾ മൂലം മൂന്ന് വർഷം കാലാവധി കഴിഞ്ഞ പെർമിറ്റ്കളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുവാൻ സാധിച്ചില്ല. ചില കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(ഉദാ. ക്രമ നം 188, 189,190,191,192,193,194)

2) അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്, 235ഐ പ്രകാരം അപേക്ഷ സ്വീകരിച്ച് 30 ദിവസത്തിനുള്ളിൽ കെട്ടിടങ്ങളുടെ നിർമ്മാണം അംഗീകരിച്ച് /നിരാകരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷകരെ അറിയിക്കേണ്ടതാണ്. എന്നാൽ തൻവർഷം സ്വീകരിച്ച 354 അപേക്ഷകളിന്മേൽ (62 ക്രമവത്കരണം അപേക്ഷകൾ) 180 അപേക്ഷകളിൽ സെക്രട്ടറി സമയ പരിധിക്കുള്ളിൽ തീരുമാനമെടുത്തില്ല. വകുപ്പ്. 235കെ പ്രകാരം സെക്രട്ടറി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാൻ കാലതാമസം വരുത്തിയതിന് അപേക്ഷകർക്ക് ഭരണസമിതിക്ക് റഫർ ചെയ്യാമായിരുന്നെങ്കിലും അപ്രകാരം ഭരണസമിതിക്ക് അപേക്ഷയും നൽകിയില്ല.

3) ക്രമവത്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ വിശദീകരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-9 ഡി. & ഒ. ലൈസൻസ് നൽകുന്നതിലെ അപാകതകൾ.

ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | ആകെ |
|---|---|---|---|
| നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ളസമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | |
| 356 | 655 | - | 1011 |

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലെ വാണിജ്യ സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 3287 വാണിജ്യ കെട്ടിടങ്ങളുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 64.78 %വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-10 ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അനുമതിയില്ലാതെ സ്വകാര്യ ആശുപത്രി പ്രവർത്തിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 269 (എ),(ബി),(സി),(ഡി) പ്രകാരമുള്ള സ്ഥാപനങ്ങൾ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടം 5(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളോ രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച സ്മാർട്ട് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, കോക്കല്ലൂർ എന്ന സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ചത്.

ഗ്രാമപഞ്ചായത്ത് പരിധിയൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ച സ്വകാര്യ ആശുപത്രികകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട രജിസ്ട്രേഷൻ ഫീസ് ഈടാക്കാതെ പ്രവർത്തിക്കാൻ അനുവദിച്ചത് നിയമം ലംഘനമാണ്. നിലവിലെ നിയമ വ്യവസ്ഥകൾ പ്രകാരം (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്.270എ) 5,000/- രൂപ വരെയുള്ള പിഴ ഈടാക്കാവുന്നതാണ്. അപാകത പരിശോധിച്ച് വിശദീകരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബജറ്റ് എസ്റ്റിമേറ്റ് - യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിൽ ധനകാര്യ വിഭാഗം വീഴ്ച വരുത്തി.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഒരു വർഷത്തേക്ക് വരുന്ന വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബഡ്ജറ്റ് അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതെങ്ങനെയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ നിയമം വകുപ്പ് 214(1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വകുപ്പ് 175 ലെ നിബന്ധനകൾക്കനുസരിച്ച് തയ്യാറാക്കിയതും

അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ വിശദമായ ബജറ്റ് തയ്യാറാക്കണം. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലേക്ക് ആവശ്യമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. 04.03.2016 തീയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ 2016-17സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട് (തീരുമാനം നമ്പർ.1.). 08.03.2016ലെ ഭരണസമിതി യോഗത്തിൽ (തീരുമാനം നമ്പർ.39/15-16) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 04.03.2016 ലെ തീരുമാനങ്ങൾ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റ് അവതരണമോ, വിശദമായ ബജറ്റ് ചർച്ചയോ നടത്തിയതായി മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. 08.03.2016 ന് തയ്യാറാക്കിയ ബജറ്റ് സാംഖ്യ അധിഷ്ഠിത മാതൃകയിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിലെ വരവ് ചെലവുകളും വാർഷിക കണക്കിലെ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| | 08.03.2016 ലെ ബഡ്ജറ്റ് പ്രകാരമുള്ളത് | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| വരവിനം | | |
| വസ്തു നികുതി (തൻവർഷം) | 35,55,110 | 39,41,928 |
| വസ്തു നികുതി (കുടിശ്ശിക) | ------- | 11,32,543 |
| തൊഴിൽ നികുതി (തൻവർഷം) | 25,00,000 | 25,61,125 |
| പരസ്യ നികുതി (തൻവർഷം) | 1,00,000 | 37,726 |
| പരസ്യ നികുതി (കുടിശ്ശിക) | ---- | 11,149 |
| വിനോദ നികുതി | 7,50,000 | 31,27,857 |
| ആകെ നികുതി വരുമാനം | 69,05,110 | 1,08,12,328 |
| നികുതി വരുമാനത്തിൽ ബജറ്റ് പ്രകാരമുള്ളതിനേക്കാൾ 39,07,218/- രൂപ അധികം ലഭിച്ചിട്ടുണ്ട്. ഇത് കൂടാതെ വസ്തു നികുതിയിനത്തിൽ 16,93,718/- രൂപ തൻവർഷം കുടിശ്ശികയായിട്ടുണ്ട്. | | |
| ചെലവുകൾ | | |
| എസ്റ്റാബ്ലിഷ്മെന്റ് | 1,34,60,000 | 1,51,07,885 |
| ഓപ്പറേഷൻസ് & മെയിന്റനൻസ് | 13,38,500 | 8,75,843 |
| ഭരണനിർവ്വഹണം | 14,95,000 | 11,30,134 |
| പദ്ധതി ചെലവുകൾ സംബന്ധിച്ച് ബജറ്റിൽ ചെലവ് രേഖപ്പെടുത്തലുകൾ ഇല്ല. | | |

3. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 (5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവർത്തിൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വച്ച് അംഗീകാരം വാങ്ങണം. എന്നാൽ 27.03.2017 ഭരണസമിതി യോഗത്തിൽ 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പുതുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കാര്യകാരണങ്ങൾ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാളും അധികമായി യഥാർത്ഥ വരവ് ചെലവ് വന്നിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | 08.03.2016 ലെ ബഡ്ജറ്റ് പ്രകാരമുള്ളത് | 27.03.2017 ലെ ബഡ്ജറ്റ് പ്രകാരമുള്ളത് | വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 19,93,669 | 7,67,39,266 | 92,66,527 |
| തൻവർഷ വരവ് | 11,26,81,586 | 7,44,03,152 | 6,17,17,932 |
| ആകെ വരവ് | 11,46,75,255 | 15,11,42,418 | 7,09,84,459 |
| ആകെ ചെലവ് | 10,16,78,778 | 14,18,75,891 | 5,62,33,809 |
| നിക്കിയിരിപ്പ് | 1,29,96,477 | 92,66,527 | 1,47,50,650 |

4. 2015-16 ലെ വാർഷിക കണക്ക് പ്രകാരം പഞ്ചായത്തിൽ നീക്കിയിരിപ്പായിട്ടുണ്ടായിരുന്ന തുക 92,66,527/- രൂപയാണ്. വാർഷിക കണക്ക് ഭരണസമിതി അംഗീകരിച്ച് (13.07.2016 ലെ 106/16-17 നമ്പർ തീരുമാന പ്രകാരം) ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ മേൽ വാർഷിക കണക്കുകളിലെ വരവ് ചെലവ് തുകയും റിവൈസ്ഡ് ബജ്ജറ്റ് പ്രകാരമുള്ള അനുമാന രേഖപ്പെടുത്തലുകളും തമ്മിൽ വളരെ വ്യത്യാസം കാണുന്നു. വാർഷിക കണക്ക് പ്രകാരം 92,66,527/- രൂപയും, 27.03.2017 ലെ റിവൈസ്ഡ് ബജറ്റ് പ്രകാരം 7,67,39,266/- രൂപയുമാണ് വാർഷിക കണക്കുകളിലെ വരവ് ചെലവും ബജറ്റ് പ്രകാരമുള്ള അനുമാന രേഖപ്പെടുത്തലുകളും തമ്മിൽ 6,74,72,739/- രൂപയുടെ വ്യത്യാസമുണ്ട്. ഇതിൽ നിന്നും വരവ് ചെലവുകൾ എസ്റ്റിമേറ്റ് ചെയ്തത് വസ്തുതാപരമല്ല എന്ന് കാണുന്നു.

5. സംസ്ഥാന ബജറ്റിന്റെ നാലാം ഉപപട്ടികയിൽ ഓരോ വർഷവും വിവധ മേഖലകളിൽ ചെലവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാകുകയും ആയതിന്റെയടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കി ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി ബജറ്റ് തയ്യാറാക്കണം എന്നിരിക്കേ ബജറ്റും, വാർഷിക കണക്കും പരസ്പര പൂരകമല്ലാതെ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ ലംഘനമാണ്.

6. 11.01.2016ലെ (എം.എസ്) 04/2016/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (ഖ.നം.17)ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശ ഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ല ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകരിക്കുന്നതിനു മുമ്പായി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ അംഗീകാരം ലഭിച്ചയുടനെ പദ്ധതി കൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശം പാലിച്ചല്ല ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ഒരു പഞ്ചായത്തിന്റെ അടുത്ത വർഷത്തെ ചെലവുകൾ വരുമാന സ്രോതസ്സുകൾക്കിണങ്ങത്തക്ക രീതിയിലും ആവശ്യങ്ങൾക്കുതകത്തക്ക തരത്തിലും തന്നെയായിരിക്കുമെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ഉപാധിയാണ് ബജറ്റ്. പുതുക്കുന്ന ബജറ്റ് എന്നാൽ അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള വഴികാട്ടിയായി വർത്തിക്കുന്ന പത്രികയും. എന്നാൽ മുൻവർഷത്തെ തെറ്റായ ബജറ്റിനോടൊപ്പം വർദ്ധനവ് വരുത്തുകയാണ് പഞ്ചായത്ത് ധനകാര്യം വിഭാഗം ചെയ്തത്. പഞ്ചായത്ത് രാജ് നിയമം 214(6) പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ, അഥവാ പഞ്ചായത്തിനു വേണ്ടിയോ ചെലവാക്കാൻ പാടില്ല. വകുപ്പ് 214(8) പ്രകാരം ഒരു പഞ്ചായത്ത് ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ചെലവ് വരുത്തിവെയ്ക്കുകയോ ഏപ്രിൽ ഒന്നാം തീയ്യതിക്കു മുൻപ് ആ വർഷത്തേക്കുള്ള ബജറ്റ് പാസ്സാക്കാത്തപക്ഷം അന്നു മുതൽ ഏതെങ്കിലും ചെലവ് വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല. നിയമത്തിലെ മേൽ വ്യവസ്ഥകൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കി ചെലവുകൾ നടത്തിയതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ച.

എ) വിവിധ മേഖലകളിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുകയിൽ 1,41,08,714/- രൂപ നഷ്ടമായി.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത് അംഗീകാരം വാങ്ങിയ 148 പദ്ധതികളിൽ 76 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. 72 പദ്ധതികൾ നടപ്പാക്കിയില്ല. പദ്ധതികൾക്കായി വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്തിയ തുകയുടെയും, ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു. (വിശദാംശങ്ങൾ ഐ.കെ.എം. ചെലവ് പത്രികയിൽ നിന്നും ശേഖരിച്ചത്)

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബാലൻസ് | ചെലവ് % |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 1,27,63,946 | 1,03,80,272 | 23,83,674 | 81.32 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 94,22,281 | 68,01,528 | 26,20,753 | 72.18 |
| 3 | വികസന ഫണ്ട് (ടി.എസ്.പി.) | 7,845 | 7,845 | ---- | 100 |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 42,05,391 | 30,000 | 41,75,391 | 0.71 |
| 5 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 50,43,025 | 30,97,638 | 19,45,387 | 61.42 |
| 6 | ധനകാര്യ കമ്മീഷൻ അവാർഡ് | 64,24,151 | 35,66,513 | 28,57,638 | 55.51 |
| 7 | ലോക ബാങ്ക് സഹായം | 33,80,714 | 32,54,843 | 1,25,871 | 96.27 |
| 8 | ബ്ലോക്ക് വിഹിതം | 4,00,000 | 4,00,000 | ---- | 100 |
| 9 | കേന്ദ്രാവിഷ്കൃത ഫണ്ട് | 23,73,438 | 10,50,438 | 13,23,000 | 44.25 |
| 10 | തനത് ഫണ്ട് | 80,62,738 | 25,33,042 | 55,29,696 | 31.41 |
| 11 | ജില്ല പഞ്ചായത്ത് | 48,000 | 48,000 | ---- | 100 |
| 12 | മറ്റുള്ളവ | 4,04,89,585 | 19,37,630 | 3,85,51,955 | 4.78 |
| | ആകെ | 9,55,26,714 | 3,31,07,749 | 6,24,18,965 | 34.65 |

മേൽ കണക്കുകളിൽ നിന്നും പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ 6,24,18,965/- രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിൽ ക്രമനം.1 മുതൽ 7 വരെയുള്ള ഫണ്ടുകൾ പ്രകാരമുള്ള 1,41,08,714/- രൂപ സാമ്പത്തിക വർഷാവസാനം ലാപ്സായത് തിരിച്ച് കിട്ടാത്തതിനാൽ ഫലത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. നിർവ്വഹണ സാധ്യതയില്ലാത്ത പദ്ധതികൾക്ക് തുക വകയിരുത്തിയതും, പദ്ധതികൾ പുതുക്കി അംഗീകാരം വാങ്ങുന്നതിന് കാലതാമസം വരുത്തിയതും, പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട വീഴ്ചയും പദ്ധതി ചെലവ് കുറയാൻ കാരണമായി. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ഭാഗം.1, ഖണ്ഡിക.6 ൽ കാണാവുന്നതാണ്.

ബി) അസി. എഞ്ചിനീയരുടെ പ്രൊജക്ട് നിർവഹണം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥയായി സാമ്പത്തിക വർഷം 26സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 83പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന് വിവിധ ഫണ്ടിനങ്ങളായി 6,34,78,157/-രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 14സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 29 പ്രോജക്ടിന് മാത്രമെ സാമ്പത്തിക വർഷം തുക വിനിയോഗിച്ചിട്ടുള്ളു. വകയിരുത്തിയ തുകയിൽ തൻവർഷം ചെലവഴിച്ചത് വിവിധ ഫണ്ടിനങ്ങളിലായി 96,97,404/- രൂപ മാത്രമാണ്.(വകയിരുത്തിയ തുകയുടെ 15.28%). തുക

ചെലവഴിച്ച പ്രോജക്ടുകളിൽ തന്നെ 4എണ്ണം സാമ്പത്തിക വർഷം പൂർത്തികരിച്ചിട്ടില്ല. സാമ്പത്തിക വർഷം ആരംഭിച്ച 57 പുതിയ പ്രൊജക്ടുകളിൽ 15 പ്രൊജക്ടുകൾക്ക് മാത്രമെ തുക ചെലവഴിച്ചിട്ടുള്ളൂ. ആയതിൽ തന്നെ 2 പ്രോജക്ടുകൾ സാമ്പത്തിക വർഷം പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

## 3-3 തെങ്ങിന് വളം വിതരണം. പ്രൊജക്ട് നടത്തിപ്പിൽ അപാകതകൾ.

പ്രൊജക്ട് നമ്പർ 40/17

നിർവഹണം കൃഷിഓഫീസർ

വകയിരുത്തിയ തുക – 14,29,230/- (വികസന ഫണ്ട് - 8,66,200/-, ഗു.വിഹിതം - 5,63,030/-)

ചെലവു തുക – 8,66,120/- [8,46,620/- (ബിൽ നം.1/16-17, 17.11.16)19,500/- (ബിൽ നം -4/16-17, 08.03.17)

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കേരകർഷകർക്ക് തെങ്ങിന് വളം ചെയ്യുന്നതിനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം തെങ്ങൊന്നിന് ഒരു കിലോഗ്രാം വീതം M.O.P, കുമ്മായം, എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക് എന്നിവ519 കർഷകർക്ക് 21659 തെങ്ങിന് ബാലുശ്ശേരി റീജിനൽ കോ.ഓപ്പറേറ്റീവ് ബാങ്ക് മുഖേന വിതരണം ചെയ്യുകയും, ആയതിന്റെ സബ്സിഡി തുക ഗുണഭോക്താക്കളുടെ പേരിലുള്ള ബാങ്ക് എകൗണ്ടുകളിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1. റീജിനൽ കോപ്പറേറ്റീവ് ബാങ്ക് മുഖേന വിതരണം ചെയ്തജൈവവളമായ വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി മുതലായവയുടെ വില നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. ഗുണഭോക്താക്കൾ ഹാജരാക്കിയ വളത്തിന്റെ ബില്ലിൽ വിതരണം ചെയ്ത ബാങ്കിന്റെ സീൽ പതിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-4 C.P.S കൾക്ക് ഗാർഡൻ ടില്ലർ -പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നമ്പർ 59/17

നിർവഹണം കൃഷി ഓഫീസർ

വകയിരുത്തിയ തുക – 3,00,000/- (2,00,000 വികസന ഫണ്ട, 1,00,000/- ഗ. വിഹിതം)

ചെലവു തുക - 2,00,000/- (ബിൽ നമ്പർ.8/16-17തി.22.03.2017)

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള രജിസ്റ്റർ ചെയ്ത കോക്കനറ്റ് പ്രൊഡ്യൂസിഗ് സൊസൈറ്റികൾക്ക് ഗാർഡൻ ടില്ലർ നൽകുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് മുഖേന 4 കോക്കനറ്റ് പ്രൊഡ്യൂസിഗ് സൊസൈറ്റികൾക്ക് ഗാർഡൻ ടില്ലർ നൽകുന്നതിനായി 2,00,000/- രൂപ പിൻവലിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1. ഗാർഡൻ ടില്ലർ അനുവദിച്ച സൊസൈറ്റികൾ രജിസ്റ്റർ ചെയ്തവയാണോ എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. മാത്രമല്ല ടില്ലർ വിതരണത്തിനുള്ള അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. സൊസൈറ്റികൾക്ക് ആവശ്യമായ ടില്ലറുകൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങാതെ കുരിത്തടം ഏജൻസീസ് പൂതിയറ കോഴിക്കോട് എന്ന സ്വകാര്യ സ്ഥാപനത്തിൽനിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ടാണ് വാങ്ങിയിരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ചെലവു തുക 2,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 ആട്ടുവിതരണം സബ്സിഡി മാർഗ്ഗരേഖ നിബന്ധനകൾ പാലിച്ചില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

പദ്ധതി പേര്, നമ്പർ - ആട്ട വിതരണം, 49/17 (എസ്.സി.പി)

ചെലവ് തുക – 3,36,000/- [2,52,000/-(വികസന ഫണ്ട് എസ്.സി.പി), 84,000/- (ഗു.വിഹിതം)]

ഗ്രാമപഞ്ചായത്ത് പരിധിയിലെ പട്ടികജാതി വിഭാഗത്തിൽ പെട്ട് 32 ഗുണഭോക്താക്കൾക്ക് ആടൊന്നിന്ന് 3500/- രൂപ വില വരുന്ന 3 ആട്ടുകളെ നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയതാണ് മേൽ പദ്ധതി. പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ അർഹത താഴെ പറയുന്നവയാണ്.

1. ഈ മേഖലയിൽ പതിനൊന്നാം പദ്ധതിയിൽ ആനുകൂല്യം ലഭിക്കാത്തവർ
2. ഒരു ആടിനെ ഇപ്പോൾ വളർത്തുന്നവർ.
3. മൂന്ന് ആട്ടുകളെയെങ്കിലും വളർത്താൻ പാകമായുള്ളവർ.
4. പുൽകൃഷി സ്വന്തമായുള്ളവർ

ഫയലുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. പദ്ധതി നിബന്ധനകൾ പാലിച്ച രേഖകൾ ഓഡിറ്റിന്ന് ലഭ്യമാക്കിയിട്ടില്ല.
2. 11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭ.വ. (പുതുക്കിയ മാർഗ്ഗരേഖ) പ്രകാരം ആട്ടുകളെ വാങ്ങുന്നത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപെഴ്സൺ അദ്ധ്യക്ഷനായും വെറ്റിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് എഴ് പേർ അംഗങ്ങളായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. എന്നാൽ ഇത്തരം ഒരു കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
3. ആടിന്റെ വില ജില്ലാതലത്തിൽ മൃഗസംരക്ഷണ വകുപ്പ് നിശ്ചയിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല.

മേൽപറഞ്ഞ അപാകതകൾക്ക് മറുപടി നൽകാനാവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 പഞ്ചായത്ത് ഓഫീസിലേയ്ക്ക് ജനറേറ്റർ വാങ്ങൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ.

നിർവ്വഹണഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് 479635

പ്രോജക്റ്റ് നമ്പർ so146/16

എസ്ററിമെറ്റ് 499620

കരാറുകാരൻ ഷാജഹാൻ

ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സപ്ളൈ ചെയ്ത് സ്ഥാപിക്കുന്നതിന് പ്രവൃത്തി (15kva,1phase,230volts) കേരള പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷനിൽ റജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത കരാറുകാരനിൽ നിന്നും മത്സരാധിഷ്ഠിത പുനർ ദർഘാസ് ക്ഷണിച്ചു. കുറഞ്ഞ തുക കോട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി നൽകി. 04/07/2016 ന് ടെണ്ടർ പരിശോധിച്ചുറപ്പിച്ചു. കരാർ കാലാവധി ഒരു മാസമാണ്. (Agreement no 10/16) 15.07.2016 ന് ഉടമ്പടി വച്ചു. കോൺട്രാക്ടർ ജനറേറ്റർ സ്ഥാപിക്കുകയും പാർട്ട് ബിൽ പ്രകാരം 2,29,264/- രൂപ കൈപ്പറ്റുകയും ചെയ്തു. എന്നാൽ ജനററ്റർ ഓഡിറ്റ് കാലയളവു വരെയും ഇൻസ്റ്റാൾ ചെയ്തിട്ടില്ല. ജനറേറ്റർ സപ്ളൈ ചെയ്തിട്ടും അത് ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. ഉടമ്പടി ലംഘിച്ച കരാറുകാരനെതിരെ യാതൊരു നിയമനടപടിയും സ്വീകരിച്ചിട്ടില്ല. കരാർ ലംഘനത്തിന്ന് പിഴ ഈടാക്കേണ്ടതും കരാർ ലംഘനത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതുമാണ്. ജനറേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 <u>പത്താം തരത്തിൽ പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ - പദ്ധതി നടത്തിപ്പിൽ അപാകതകൾ</u>

നിർവഹണ ഉദ്യോഗസ്ഥൻ ഹെഡമാസ്റ്റർ

പ്രോജക്റ്റ് നമ്പർ soo97/17

ചെലവ് തുക – 2,07,671/- (വികസന ഫണ്ട്, എസ്.സി.പി)

ഗ്രാമപഞ്ചായത്തിൽ പെട്ട പത്താം തരത്തിൽ പഠിക്കുന്ന എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുക എന്ന ഉദ്ദേശത്തോടെ പദ്ധതി നടപ്പാക്കി. സൈക്കിൾ നൽകിയത് 38 വിദ്യാർത്ഥികൾക്കാണ്. അതിൽ 16 പെൺകുട്ടികളും 22 ആൺകുട്ടികളും ഉൾപ്പെടും. സൈക്കിൾ ടെണ്ടർ പ്രകാരം ഫിഡ്കോ എന്റർപ്രൈസസ് ഒളവണ്ണ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്. ആൺകുട്ടികളുടെ സൈക്കിൾ വില 5,478/- രൂപയും പെൺകുട്ടികളുടെ സൈക്കിൾ വില 5,448/- രൂപയുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ടഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. വിദ്യാർത്ഥികൾ പത്താം ക്ളാസ്സിൽ പഠിക്കുന്നവരാണെന്നുള്ള സർട്ടിഫിക്കറ്റ് അഷിനേഷ് കെ.ടി. പുവ്വമുള്ളതിൽ, അർജ്ജുൻ മംഗലശ്ശേരി താഴെ എന്നിവർ ഹാജരാക്കിയിട്ടില്ല.

2. കമ്മ്യൂണിറ്റി സര്ട്ടിഫിക്കറ്റ് ഹാജരാക്കണം. എന്നാൽ ഐശ്വര്യ കോമ്പിലാട്ട്, ഷനൽചന്ദ്ര നടുവിലേടത്ത് എന്നിനർ മേൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3. ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തയദുക്റഷ്ണൻ.പി., അമൽ എന്നിവർക്ക് സൈക്കിൾ നൽകി.

4. ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ11.1.2016 പന്ത്രണ്ടാ പഞ്ചവൽസരപദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് പ്രകാരമാണ് നൽകേണ്ടത്. ഒരു വിദ്യാർത്ഥിയ്ക്ക് ഒരിക്കൽ മാത്രമേ സൈക്കിൾ നൽകാവൂ. പട്ടികജാതി വകുപ്പിൽ നിന്നോ മറ്റെതെങ്കിലു സ്രോതസ്സുകളിൽ നിന്നോ ആനുകൂല്യംകൈപ്പറ്റരുത്. അത് തെളിയിക്കുന്നതിന്നായി മേൽ വകുപ്പിൽ നിന്നു ആനുകൂല്യംകൈപ്പറ്റിയിട്ടില്ല എന്ന വകുപ്പ അധികൃതരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഇതിനുപുറമെ നിർദ്ധന വിദ്യർത്ഥികൾക്ക് മുൻഗണന നൽകണം. എന്നാൽ ഇവയുടെ തെളിവു രേഖകളായ വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റോ,വരുമാന സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി നൽകാനാവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്തവർക്കും സ്കോളർഷിപ്പ് വിതരണം ചെയ്തു.

പ്രോജക്റ്റ് നമ്പർ - 70/17.

വകയിരുത്തിയ തുക- 329000.

ചെലവുതുക. - 323592(ബിൽ നമ്പർ6/16-17തി.31/3/17)

5408(തനത് ഫണ്ട്)

നിർവഹണം- I .C .D .S സൂപ്പർ വൈസർ.

ഗ്രാമപഞ്ചായത്ത് പരിധിയിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്നൽകു ന്ന മേൽ പ്രോജക്റ്റ് പ്രകാരം 37പേർക്ക്329000വിതരണം ചെയ്തിട്ടുണ്ട്.ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിർവഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 8പേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ.നം | പേര്.വിലാസം | പഠിക്കുന്ന സ്ഥാപനം | തുക |
|---|---|---|---|
| 1 | സുജയ് .ഒ s/oഗോപാലൻ നായർ, ഒതയോത്ത് | സാന്ത്വനം ബഡ്സ് സ്കൂൾ | 9,965 |
| 2 | ഹർഷ .ജി D/o ശ്രീലത, മണപ്പാട്ടിൽ | G.H.S.S കോക്കല്ലൂർ | 6,592 |
| 3 | നിഷ D/o ജാനകി, മലയിൽ | സാന്ത്വനം ബഡ്സ് സ്കൂൾ | 9,965 |
| 4 | രമ D/oകാർത്ത്യായനി, തുളിശ്ശേരി | | 9,965 |
| 5 | ബാബു S/oപെണ്ണുക്കുട്ടി, വയനാടൻ കണ്ടി | | 9,965 |
| 6 | അജയ് ദാസ് S/o രാമദാസ് ടി.കെ, തോട്ടത്തും കണ്ടി | | 9,965 |
| 7 | അതുൽ .എം .കെS/oമോഹനൻ, മരക്കാട്ടു പറമ്പത്ത് | | 9,965 |
| 8 | ഫാഹിഫ് .മുഹമ്മദ്S/o അസ്സയിനാർ, കരിയാത്തൻ കണ്ടി | | 9,965 |
| ആകെ | | | 76,347 |

അംഗീകൃത ഗുണഭോക്ത ലിസ്റ്റിൽ പേരില്ലാത്തവർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. 76,347/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-9 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല.

പ്രോജക്റ്റ്, നം : 93/ 2016-2017(മെയിന്റനൻസ് ഫണ്ട്)

ചെലവ് തുക :1,50,000/- (ബിൽ നം/തുക : 1/2016-17/14-03-2017)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മേൽ വിവരിച്ച ബില്ല് പ്രകാരമുള്ള തുക പിൻവലിച്ച് ഹോംകോവിൽ അടവാക്കിയെങ്കിലും ഓഡിറ്റ് കാലയളവ് വരേയും ഹോംകോ മരുന്നുകൾ സപ്ലൈ ചെയ്തിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിച്ച തുക 1,50,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 ജി.എൽ.പി.സ്കൂൾ കെട്ടിടവാടക വികസനഫണ്ടിൽ നിന്നു അടവാക്കി.

നിർവണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്ററർ

പ്രോജക്റ്റ് നമ്പർ - 57/17

ചെലവ് തുക – 1,51,568/- [1,13,676/- ബിൽ നം - 1/16-17, 03.01.2017, 37,892/- 06/16-17, 30.03.2017]

ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ എൽ.പി.സ്കൂളിന്റെ വാടക വികസന ഫണ്ടിൽ നിന്നും മേൽ വിവരിച്ച ബിൽ പ്രകാരം തുക പിൻവലിച്ച് കെട്ടിട ഉടമയ്ക്ക് നൽകിയിട്ടുണ്ട. പത്തു ശതമാനം ആദായ നികുതി വാടകയിൽ നിന്നു ഈടാക്കിയിട്ടുണ്ട്. 11.01.2016 ലെ (എം.എസ്)നം.4/2016/ത.സ്വ.ഭ.വ, (പന്ത്രണ്ടാം പഞ്ചവത്സര പുതുക്കിയ മാർഗ്ഗരേഖ) ഖ.നം 4(3)പ്രകാരം അനിവാര്യ പൊതുചുമതലകൾ നിറവേറ്റുന്നതിന്നു വേണ്ടിയുള്ള ആവർത്തന സ്വഭാവമുള്ള ചെലവുകൾ, എസ്റ്റാബ്ളിഷ് മെന്റ് ചെലവുകൾ, വികസനേതര ചെലവുകൾ എന്നിവ പദ്ധതിയുടെ ഭാഗമാക്കാവുന്നതല്ല. അപ്രകാരമുള്ള ചെലവുകൾക്ക് വേണ്ട തുക ഫണ്ടിൽ നിന്നു അതാത് പദ്ധതിയിതര ഹെഡ്ഡിൽ നിന്നു ബജറ്റിൽ വകയരുത്തണം. 09.12.2004 ലെ (എം.എസ്)330/2004/ത.സ്വ.ഭ.വ. പ്രകാരമുള്ള പൊതു ആവശ്യകതാ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്ന് കൈമാറി കിട്ടിയവ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ വാടക, കരം, നികുതി എന്നിവ പ്രസ്തുത ഗ്രാന്റിൽ നിന്നു വിനിയോഗിക്കാവുന്നതാണ് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പറഞ്ഞ വ്യവസ്ഥയിൽ നിന്നു വ്യത്യസ്ഥമായി വാടക വികസനഫണ്ടിൽ നിന്നു ചെലവഴിച്ചതിന്ന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയുടെ ലംഘനത്തിന് മറുപടി നൽകേണ്ടതാണ്.

## 3-11 ഭവന പുനരുദ്ധാരണം- കാലയളവിനുള്ളിൽ പണി പൂർത്തിയായില്ല.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായ ഭവനപുനരുദ്ധാരണം- ജനറൽ (വനിത) എന്ന പദ്ധതി കാലയളവ് പൂർത്തിയായിട്ടും ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നം77/2016-17

ചെലവ് തുക 5,90,050/-

ഫണ്ട് - വി.ഫണ്ട്

| ക്രമ നം | ഗുണഭോക്താവിന്റെ പേര് മേൽവിലാസം | കൈപ്പറ്റിയ തുക | യൂണിറ്റ് കോസ്റ്റ് |
|---|---|---|---|
| 1 | ശ്രീമതി.ലക്ഷ്മി.കെ.വി, w/o ചാത്തുക്കുട്ടി | 12500 | 25000 |
| 2 | ശ്രീമതി. പെണ്ണുക്കുട്ടി, w/o ചെക്കിണി | 12500 | 25000 |
| 3 | ശ്രീമതി.ശാരദ, മുത്താച്ചുണ്ടിൽ, ബാലുശ്ശേരി | 12500 | 25000 |
| 4 | ശ്രീമതി.ജാനകിയമ്മ, പുതുപ്പറമ്പ് | 12500 | 25000 |

ഭവന നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷങ്ങളിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി മറ്റ് സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും താഴെ പറയുന്ന തരത്തിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ലഭ്യക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി പേര്, നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക | ബിൽ/ഡി.ഡി. നം, തീയതി |
|---|---|---|---|---|
| 1 | ഐ.എ.വൈ.വിഹിതം എസ്.സി.പി, 87/16-17 | അസി.സെക്രട്ടറി | 3,60,000 | 3/16-17, 16.02.2017 |
| | | | 2,00,000 | 4/16-17, 16.03.2017 |
| 2 | എസ്.എസ്.എ. വിഹിതം, 56/16-17 | ഹെഡ്മാസ്റ്റർ | 1,76,323 | |
| | | | 3,23,677 | |
| 3 | കന്നുകുട്ടി പരിപാലനം, 143/16-17 | വെറ്റിനറി സർജൻ | 3,75,000 | |
| ആകെ | | | 14,35,000 | |

വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ 14,35,000 /- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-13 പത്രപരസ്യം അനുവദനീയമായ ഡിസ്കൗണ്ട് നേടിയെടുത്തില്ല.

ഗ്രാമപഞ്ചായത്തിൽ പദ്ധതി നിർവ്വഹണ ആവശ്യാർത്ഥം നൽകിയ പരസ്യങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഡിസ്കൗണ്ട് നേടിയെടുത്തില്ല. ജി.ഒ.(ആർടി)1/2011/പി & ആർ.ഡി 04.01.2011 ഉത്തരവ് പ്രകാരം പരസ്യങ്ങൾ പി &എ.ആർ.ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നല്കിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ താഴെ പറയുന്ന തീയ്യതിയിൽ ദേശാഭിമാനി ദിനപത്രത്തിൽ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചില്ല.

| ബിൽ നമ്പർ തിയ്യതി | പ്രസിദ്ധികരിച്ച തിയ്യി | അളവ് | നിരക്ക് | ബിൽതുക | റിമാർക്സ് |
|---|---|---|---|---|---|
| 166558A/29.10.2016 | 29.10.2016 | 7@2 | 110 | 6160 | കുറവു ചെയ്തിട്ടില്ല |
| 166558A.28.06.2016 | 28.06.2016 | 5@2 | 110 | 4400 | |
| 166558A/30.07.2016 | 30.07.2016 | 6@2 | 110 | 5282 | |
| 166558A.10.08.2016 | 10.08.2016 | 8@2 | 110 | 7090 | |

സർക്കാർ സ്ഥാപനങ്ങൾ പരസ്യങ്ങൾ പ്രസിദ്ധികരിക്കുമ്പോൾ അനുവദനീയമായ ഡിസ്കൗണ്ട് നേടിയെടുക്കാത്തതിന്ന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-14 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 48,000 | നെല്ല് കൃഷി കൂലിചെലവ് സബ്സിഡി, 45/17 | 48,000 | ---- |
| ബ്ലോക്ക് പഞ്ചായത്ത് | 4,00,000 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ്, 60/17 | 4,00,000 | |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | 2016-17 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 27,74,434 |
| തൻവർഷം നിക്ഷേപിച്ച തുക | 2,51,360 |
| ആകെ | 30,25,794 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ----- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 30,25,794 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | രശീതി നം | തുക |
|---|---|---|
| കോഴിക്കോട് ജില്ല സഹകരണ ബാങ്ക്, ബാലുശ്ശേരി | 100121806120021 | 4,99,193 |
| കോഴിക്കോട് ജില്ല സഹകരണ ബാങ്ക്, ബാലുശ്ശേരി (സായാഹ്ന ശാഖ) | 10029100612007 | 6,83,471 |
| റീജിയണൽ സഹകരണ ബാങ്ക് | 120154 | 12,43,538 |
| അർബൻ കേ.ഓപ്പറേറ്റീവ്, ബാങ്ക് | ---- | 5,96,592 |
| കോഴിക്കോട് സഹകരണ ആശുപത്രി (ഷെയർ) | ----- | 2,500 |
| മലപ്പുറം സ്പിനിങ്ങ് മിൽ (ഷെയർ) | ----- | 500 |
| ആകെ | | 30,25,794 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 35,157/- രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഈടാക്കിയ തുക | രശീതി നം, തീയ്യതി |
|---|---|---|---|
| 2014-15 | 2-2(1) | 1,000 | 11601102157, 28.07.2016 |
| | 2-2(6) | 960 | 11601102401, 10.08.2016 |
| | 2-2(7) | 960 | 11601102521, 17.08.2016 |
| | 2-2(2) | 840 | 11601103643, 04.10.2016 |
| | 2-2(4) | 720 | 11601104272, 07.11.2016 |
| | 2-2(5) | 960 | 11601104622, 16.12.2016 |
| | 2-2(1) | 720 | 11601104935, 05.01.2017 |
| | 2-2(12) | 1,800 | 11601106788, 27.03.2017 |
| | 2-3 | 393 | 11601102339, 08.08.2016 |
| | 2-2(12) | 1,800 | 11601106789, 27.03.2017 |
| | എൻക്വയറി | 13,011 | 11601500004, 13.07.2016 |
| 2012-13 & 2013-14 | 2-1(19) | 634 | 11601102376, 09.08.2016 |
| | 2-1(28) | 357 | 11601102592, 20.08.2016 |
| | 2-1(5) | 308 | 11601102653, 23.08.2016 |
| | 2-1(39) | 258 | 11601102705, 25.08.2016 |

| | | | |
|---|---|---|---|
| | 2-1(17) | 97 | 11601102728, 26.08.2016 |
| | 2-1(16) | 220 | 11601102759, 27.08.2016 |
| | 2-1(36) | 210 | 11601102825, 30.08.2016 |
| | 2-1(20) | 238 | 11601102869, 31.08.2016 |
| | 2-1(6) | 16 | 11601102883, 31.08.2016 |
| | 2-2(11) | 4,600 | 11601102900, 31.08.2016 |
| | 2-1(20) | 242 | 11601102907, 31.08.2016 |
| | 2-1(32) | 249 | 11601102936, 01.09.2016 |
| 2010-11 | 2-3(7) | 127 | 11601105030, 04.01.2017 |
| | 2-3(13) | 85 | 11601105035, 11.01.2017 |
| | 2-3(16) | 28 | 11601105036, 11.01.2017 |
| | 2-3(19) | 33 | 11601105037, 11.01.2017 |
| | 2-3(28) | 28 | 11601105038, 11.01.2017 |
| | 2-3(22) | 50 | 11601105039, 11.01.2017 |
| | 2-3(23) | 118 | 11601105040, 11.01.2017 |
| 2011-12 | 2-1 | 16 | 11601102883, 31.08.2016 |
| 2001-02 | 6 | 54 | 11601104478, 05.12.2016 |
| 2015-16 | 2-4 | 500 | 11601106684, 22.03.2017 |
| | 2-2(1) | 1,841 | 11601106806, 28.03.2017 |
| 2015-16 | പെർഫോമൻസ് ഓഡിറ്റ് | 450 | 11601102429, 11.08.2016 |
| 2016 | | 250 | 11601103209, 20.09.2016 |
| ആകെ | | 35,157 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999-00, 30(5) | 2003-04, 3-11(10) | റോഡ് അറ്റകുറ്റപണി അധിക ചെലവ് | തടസ്സം തുടരുന്നു |
| 1999-00, (33) | 2003-04, 3-11-13(5) | മൈത്രി ഭവന പദ്ധതി-പുരോഗതി റിപ്പോർട്ട് ലഭിച്ചില്ല. | തടസ്സം തുടരുന്നു |
| 2000-01 | 2003-04, 3-11-14 | എടക്കുടി ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | തടസ്സം തുടരുന്നു |
| 2001-02 | 2003-04, 3-11-14 | ചെമ്പോളിത്താഴം ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | തടസ്സം തുടരുന്നു |
| 1999-00 | 2003-04, 3-11-14 | പൊന്നരം തെരു-പുനത്തറ റോഡ് അപാകതകൾ. | തടസ്സം തുടരുന്നു |
| 2002-03, 2(2) | 2006-07, 3-79-4(5) | കാഷ് ബുക്ക് എഴുതുന്നതിലെ അപാകതകൾ | തടസ്സം തുടരുന്നു |
| 2002-03, 3(4) | 2006-07, 3-79-17(8) | ജെ.ജി.എസ്.വൈ പദ്ധതികൾ പൂർത്തിയാക്കാത്തത്. | തടസ്സം തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,17,17,932 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,62,33,809 |
| വരവിനങ്ങളിലുള്ള നഷ്ടം | 782 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ----- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 23,66,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-7 | 782 | | ശ്രീ.സുനിൽ കുമാർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2,00,000 | ശ്രീ.ഷമ്മി മാത്യൂ, കൃഷി ഓഫീസർ |
| 3-5 | 2,52,000 | ശ്രീ.സുബീഷ്.പി.എം., വെറ്റിനറി സർജ്ജൻ |
| 3-7 | 2,07,671 | ശ്രീ.ഇ.പ്രേമരാജൻ, ഹെഡ്മാസ്റ്റർ |
| 3-8 | 3,29,000 | ശ്രീമതി.ഹലീമ.കെ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-9 | 1,50,000 | ശ്രീ.പി.വി.മുഹമ്മദ് കബീർ, മെഡിക്കൽ ഓഫീസ്ര (ഹോമിയോ) |
| 3-12 | 5,60,000 | ശ്രീ.മുഹമ്മദ് ലുക്ക്മാൻ, അസിസ്റ്റന്റ് സെക്രട്ടറി |
| | 5,00,000 | ശ്രീ.ഇ.പ്രേമരാജൻ, ഹെഡ്മാസ്റ്റർ |
| | 3,75,000 | ശ്രീ.സുബീഷ്.പി.എം., വെറ്റിനറി സർജ്ജൻ |
| ആകെ | 23,66,000 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങള്

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.സുനിൽ കുമാർ,<br>സെക്രട്ടറി | സെക്രട്ടറി,<br>ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | കരുണ (ഹ), കക്കോടി, കോഴിക്കോട് – 673611 |
| ശ്രീ.പി.വി.മുഹമ്മദ് കബീർ<br>മെഡിക്കൽ ഓഫീസ്സ (ഹോമിയോ) | മെഡിക്കൽ ഓഫീസ്സ (ഹോമിയോ)<br>പ്രാഥമികാരോഗ്യ കേന്ദ്രം<br>ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | അട്ടുക്കത്തുംകണ്ടിയിൽ, കിഴക്കോത്ത്,<br>കോഴിക്കോട് – 673572 |
| ശ്രീ.ഇ. പ്രേമരാജൻ | ഹെഡ്മാസ്റ്റർ<br>ജി.എൽ.പി. സ്കൂൾ, ബാലുശ്ശേരി | മിഥില (ഹ) എരംമംഗലം, കോഴിക്കോട്– 673612 |
| ശ്രീ.ഷമ്മി മാത്യു<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | M/6/21, മലാപ്പറമ്പ് ഹൌസിംഗ് കോളനി, കോഴിക്കോട് 673009 |
| ശ്രീ.സുബീഷ്.പി.എം.,<br>വെറ്റിനറി സർജ്ജൻ | വെറ്റിനറി സർജ്ജൻ<br>ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | പുളിയക്കുന്നുമ്മൽ മീത്തൽ, കണ്ണങ്കര, ചേളന്നൂർ, കോഴിക്കോട്.673616 |
| ശ്രീമതി.ഹലീമ.കെ. ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | തെക്കേ ചിന്നക്കര പാറന്നൂർ |
| ശ്രീ.മുഹമ്മദ് ലുക്ക്മാൻ<br>അസിസ്റ്റന്റ് സെക്രട്ടറി | ലഭ്യമല്ല | കല്ലുകണ്ടി, നന്മണ്ട,<br>കോഴിക്കോട്–673613 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി.10/783/12(2) തീയതി. 27.06.2012 | 5 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.10/783/12(3) തീയതി. 27.06.2012 | 4 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.10/783/12(4) തീയതി. 27.06.2012 | 3 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/പി.10/783/12(5) തീയതി. 27.06.2012 | 8 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.10/783/12(7) തീയതി. 27.06.2012 | 4 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/പി.10/783/12(6) തീയതി. 27.06.2012 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.5/1306/06 തീയതി | 15 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.1/330/08 തീയതി. 05.04.2009 | 14 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.1/1784/09തീയതി. 08.10.2009 | 27 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.1/1784/09 തീയതി. 08.10.2009 | 20 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.1/22/11 തീയതി. 23.12.2010 | 38 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.10/969/13 തീയതി. 13.08.2013 | 32 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.10/823/13 തീയതി. 13.08.2013 | 12 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.10/1671/12 തീയതി. 12.02.2013 | 18 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി.10/1863/13 തീയതി. 12.04.2013 | 24 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.10/1507/14(2) തീയതി. 07.11.2014 | 22 |
| 2012-13, 13-14 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/1412/15 തീയതി: 21-10-2015 | |
| 2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/1908/16 തീയതി: 30-06-2017 | 13 |
| 2015-16 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10 | 18 |

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ/കെ.കെ.ഡി/പി10/1627/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി- 10.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്

അവലംബിച്ചും ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016 –17 വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളിലൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- ാം വകുപ്പും 12.06.2003 ലെ ജി.ഒ.(പി)/319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No.KSA/KKD/P10/1627/2017

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in
Date: 10.08.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Balussery Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Balussery Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR
District Audit Office, Kozhikode.